59

നം. സി1/12341/റ്റിസി1/09

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം,
തീയതി 23.07.2009

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ് - സ്വകാര്യ ബസ്സുകൾക്ക് പിൻവശമുള്ള ബോർഡ് തെറ്റായി പ്രദർശിപ്പിച്ചിരിക്കുന്നത് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന:- ശ്രീ. മന്നാ മുഹമ്മദ് കുട്ടി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച പരാതിയുടെ പകർപ്പോടൊപ്പം 29.06.09 ലെ രജിസ്ട്രാർ, (സബോർഡിനേറ്റ് ജുഡീഷ്യറി), കേരള ഹൈക്കോടതി അയച്ച കത്ത് നം. ഡി2/(ജി) ഐ – 35243/09.

മേൽ പറഞ്ഞ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 1989 ലെ കേരളാ മോട്ടോർ വാഹന ചട്ടം 209 പ്രകാരം എല്ലാ ബസ്സുകളിലും നിശ്ചിത മാതൃകയിലുള്ള പുറപ്പെടുന്നതും അവസാനിക്കുന്നതുമായ സ്ഥലങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ബോർഡുകൾ ഇംഗ്ലീഷിലും, മലയാളത്തിലും മറ്റ് പ്രാദേശിക ന്യൂനപക്ഷ ഭാഷയിലും പ്രദർശിപ്പിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സൂചന പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച പരാതിയിൽ അഭിപ്രായപ്പെടുന്നത് സ്വകാര്യ ബസ്സുകൾക്ക് പിൻവശമുള്ള ബോർഡ് തെറ്റായി പ്രദർശിപ്പിച്ചിരിക്കുന്നു എന്നാണ്. ഇത് ജനങ്ങൾക്ക് പലതരത്തിലുള്ള ബുദ്ധിമുട്ടുണ്ടാക്കുന്നെന്നും പലപ്പോഴും അപകടത്തിന് കാരണമാകുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നു. ആയതുകൊണ്ട് ഈ വിഷയം വളരെയധികം ഗൗരവപൂർവ്വം പരിഗണിക്കുവാനും, ഫിറ്റ്നസ് ടെസ്റ്റ് സമയത്തും, മറ്റ് വാഹന പരിശോധനാ സമയത്തും ഇത് കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുവാനും അല്ലാത്തവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുവാനും ഇതിനാൽ നിർദ്ദേശം നൽകുന്നു. ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ, ഡി റ്റി സി സ്ക്വാഡ് മുഖേന സൂപ്പർ ചെക്കിംഗ് നടത്തി നിയമലംഘനം നടത്തുന്നവർക്കെതിരെ മോട്ടോർ വാഹന നിയമപ്രകാരം കർശന നടപടി സ്വീകരിക്കുവാനും ഇതിനാൽ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
സീനിയർ ഡി റ്റി സി (ടാക്സേഷൻ),
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

അംഗീകാരത്തോടെ,
സീനിയർ സൂപ്രണ്ട്.